നഴ്സിംഗ് നൈപുണ്യവികസന കേന്ദ്രം

238 (930) ശ്രീ. പി.സി. വിഷ്ണുനാഥ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഴ്സിംഗ് നൈപുണ്യവികസന കേന്ദ്രം തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ എന്തെല്ലാം ; ഇതിന്റെ നോഡൽ ഏജൻസി ആരാണ് ;

(സി) ഈ കേന്ദ്രത്തിന്റെ പ്രവർത്തനവുമായി സഹകരിക്കുന്നത് ആരെല്ലാമാണെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. സ്വകാര്യമേഖലയിലെ പരിചയസമ്പന്നരുമായി സഹകരിച്ച് നഴ്സുമാർക്ക് തൊഴിൽ നൈപുണ്യം മെച്ചപ്പെടുത്തുന്നതിനായി തിരുവനന്തപുരത്ത് നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ് (NICE) എന്ന സ്ഥാപനം കേരള അക്കാഡമി ഫോർ സ്കിൽസ് (KASE)-ന്റെ കീഴിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. വിവിധ തലത്തിലുള്ള നഴ്സുമാർക്ക് തൊഴിൽ നൈപുണ്യം, ആശയ വിനിമയത്തിനുള്ള കഴിവുകൾ, കമ്പ്യൂട്ടർ അവബോധം, ഇംഗ്ലീഷ് ഭാഷാ പരിശീലനം എന്നിവ ഉൾപ്പെടുന്ന കോഴ്സുകൾ നടത്തുക, അനുയോജ്യമായ അന്താരാഷ്ട്ര ആഭ്യന്തര തൊഴിൽ സാധ്യതകൾ കണ്ടെത്തുക, അന്താരാഷ്ട്ര പ്ലെയ്സ്മെന്റ് രംഗത്തെ തടസ്സങ്ങളെ തരണം ചെയ്യാൻ സഹായിക്കുക എന്നിവയാണ് എൻ.ഐ.സി.ഇ.-ന്റെ ലക്ഷ്യങ്ങൾ. അഡ്വാൻസ്ഡ് നഴ്സിംഗ് എക്സലൻസ് പ്രോഗ്രാം, ബിരുദധാരികളോ അല്ലെങ്കിൽ ഡിപ്ലോമ ബിരുദധാരികളോ ആയ പരിചയസമ്പന്നരായ നഴ്സുമാർക്ക് തൊഴിൽ സാധ്യത ഉയർത്താനായി രൂപകല്പന ചെയ്തിട്ടുള്ളതാണ്.

(സി) കേരള അക്കാഡമി ഫോർ സ്കിൽഡ് എക്സലൻസ് (KASE) നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്ന നഴ്സിംങ്ങ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ് (NICE)ന്റെ ഓപ്പറേറ്ററായി നിശ്ചയിച്ചിരിക്കുന്നത് യു.എ.ഇ.-യിലെ SUT-NMC Healthcare-നെയാണ്.

LIBRARY ARCHIVES Kerala Legislative Assembly